# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി..ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ് ഐ.സി.പി.എസ്-ഓ.ആർ.സി- ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1. 17.05.2021 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.314/2021/SJD

## ഉത്തരവ് നമ്പർ ICPS 4(C)/1634/21 തീയതി : 01.06.2021

വിവിധ തരത്തിലുള്ള വെല്ലുവിളികൾ അനുഭവിക്കുന്ന നിലയിൽ കണ്ടെത്തുന്ന കുട്ടികൾക്ക് ജില്ലാതല റഫറൽ സംവിധാനത്തിൽ പരിചരണം നൽകുന്നതിനായി വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതി വിഭാവനം ചെയ്തതാണ് ജില്ലാതല റിസോഴ്സ് സെന്റർ (ഡി.ആർ.സി). ടി പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി മേൽ പരാമർശം പ്രകാരം ലഭ്യമായിട്ടുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാ റിസോഴ്സ് സെന്ററുകളുടെ സജ്ജീകരണത്തിനായി തുക അനുവദിച്ചിരുന്നു. ടി റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കേണ്ടതുണ്ട്. കൂടാതെ റിസോഴ്സ് പൂളിനു വേണ്ടിയുള്ള ട്രെയിനിംഗുകൾ, മീറ്റിംഗുകൾ, വിദഗ്ദ്ധർക്കായുള്ള ഹോണറേറിയം തുടങ്ങിയവും അനുവദിക്കേണ്ടതായുണ്ട്. ടി സാഹചര്യത്തിൽ ജില്ലാതല റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | അനുവദിക്കേണ്ട തുക |
|---|---|---|
| 1 | തിരുവനന്തപുരം | 2,00,000/- |
| 2 | കൊല്ലം | 2,00,000/- |
| 3 | പത്തനംതിട്ട | 2,00,000/- |
| 4 | ആലപ്പുഴ | 2,00,000/- |
| 5 | കോട്ടയം | 2,00,000/- |
| 6 | ഇടുക്കി | 2,00,000/- |
| 7 | എറണാകുളം | 2,00,000/- |
| 8 | തൃശ്ശൂർ | 2,00,000/- |
| 9 | പാലക്കാട് | 2,00,000/- |
| 10 | മലപ്പുറം | 2,00,000/- |
| 11 | കോഴിക്കോട് | 2,00,000/- |
| 12 | വയനാട് | 2,00,000/- |
| 13 | കണ്ണൂർ | 2,00,000/- |
| 14 | കാസർകോഡ് | 2,00,000/- |
| | ആകെ തുക | **28,00,000/-** |

മേൽപട്ടിക പ്രകാരമുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷത്തെ ഓ.ആർ.സി യുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ ഡി.ആർ.സി. പ്രവർത്തനങ്ങൾ എന്ന കംപോണന്റിൽ നിന്നും ആകെ **28,00,000/- (ഇരുപത്തി എട്ട് ലക്ഷം രൂപ മാത്രം)** അതാതു വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ അതത് ജില്ലകളിലെ ജില്ലാ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനത്തങ്ങൾ കാര്യക്ഷമമായി നടത്തേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

**(ഒപ്പ്)**
**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി,SCPS**

പകർപ്പ്:

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
4. ICPS 4
5. സ്റ്റോക്ക്ഫയൽ
6. വെബ്സൈറ്റ്

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം മാനേജർ**